പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1890**

17.06.2013 ൽ മറുപടിയ്ക്ക്

**പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ ആയിരുന്ന മണിയൻപിള്ളയുടെ കൊലപാതകം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ ആയിരുന്ന മണിയൻ പിള്ളയുടെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ് ; | (എ) ഇതു സംബന്ധിച്ച് പാരിപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 796/2012 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിന്റെ അന്വേഷണത്തിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുള്ളതും നാല് പ്രതികൾ ഉള്ളതിൽ മൂന്നു പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ഒന്നാം പ്രതിക്കു വേണ്ടിയുള്ള അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. പ്രതി നാളിതു വരെ സ്വീകരിച്ചിട്ടുള്ള പേരുകൾ ഉൾപ്പെടെ ടിയാൻ രൂപം മാറിയാൽ എപ്രകാരം ആയിരിക്കും എന്ന വിധത്തിലുള്ള വിവിധ ചിത്രങ്ങൾ അടങ്ങിയ ലുക്ക് ഔട്ട് നോട്ടീസ്, വിവരം ലഭ്യമാക്കുന്നവർക്കുള്ള പാരിതോഷികം ഉൾപ്പെടെ ഇന്ത്യയിലാകമാനം വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണ സംവിധാനങ്ങൾ വഴി മൊബൈൽ ഫോൺ നമ്പരുകൾ, ബാങ്ക് അക്കൗണ്ടുകൾ എന്നിവ കണ്ടെത്തുകയും ടി കേസിന്മേൽ ഊർജ്ജിത അന്വേഷണം നടത്തി വരികയുമാണ്. |

| | | | |
|---|---|---|---|
| (ബി) | കൊലപാതകം നടന്ന് ഏറെ നാളുകൾ കഴിഞ്ഞിട്ടും കുറ്റം ചെയ്തവരെ പിടിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അന്വേഷണ ഏജൻസിയെ മാറ്റുവാനോ വിപുലപ്പെടുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) | കുറ്റക്കാരെ അറസ്റ്റ് ചെയ്യുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ ? | (സി) | ടി കേസിലെ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനായിട്ടുള്ള ഊർജ്ജിത അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ